(എ) ഈ വർഷം ഇനിയും പുതുതായി എത്ര സ്കൂളുകളിൽ പ്ളസ് ടു കോഴ്സ് അനുവദിക്കാൻ ഉദ്ദേശിക്കുന്നു ;

(ബി) ഈ കോഴ്സ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) എസ്.എൻ.ഡി.പി., എൻ.എസ്.എസ്., എം.ഇ.എസ്., വിവിധ ക്രിസ്ത്യൻ വിഭാഗങ്ങൾ എന്നിവ നടത്തുന്ന മാനേജുമെന്റുകളുടെ എത്ര സ്കൂളുകളിൽ ഈ കോഴ്സ് അനുവദിച്ചു ;

(ഡി) വ്യക്തിഗത മാനേജുമെന്റുകൾ നടത്തുന്ന എത്ര സ്കൂളുകളിൽ പ്ളസ് ടു കോഴ്സ് അനുവദിച്ചു ;

(ഇ) വ്യക്തിഗത മാനേജുമെന്റുകളിൽ ഈ കോഴ്സ് ലഭിച്ചവരുടെ സമുദായം തിരിച്ചുള്ള ലിസ്റ്റ് മേശപ്പുറത്തുവയ്ക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ആവശ്യം പരിശോധിച്ചു വരുന്നതേയുള്ളൂ.

(ബി) പ്ളസ് ടു കോഴ്സ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 30-3-2000-ലെ ജി.ഒ.(എം.എസ്)107/2000/പൊ.വി.നമ്പർ ഉത്തരവിൽ വിശദീകരിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) സാമുദായിക അടിസ്ഥാനത്തിൽ വിവരം ശേഖരിച്ചിട്ടില്ല.

എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പിൽ മാറ്റം

18(*108) ശ്രീ. ടി. കെ. നൗഷാദ് :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. വിശ്വൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) 2000-ലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ വിജയശതമാനം എത്രയായിരുന്നു ;

(ഡി) വിജയശതമാനം ഉയർത്തുന്നതിന് സർക്കാർ കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എസ്.എസ്.എൽ.സി. തോറ്റ വിദ്യാർത്ഥികൾക്ക് വീണ്ടും പരീക്ഷ എഴുതുന്നതിന് എന്തെങ്കിലും ക്രമീകരണം വരുത്തിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) എസ്.എസ്.എൽ.സി. ഉത്തരക്കടലാസ് തിരിച്ച് നൽകുന്നതിന് ഉദ്ദേശമുണ്ടോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ&ബി)) എസ്.എസ്.എൽ.സി. പരീക്ഷയുടെ പേപ്പറുകൾ ഇപ്പോഴുള്ള പന്ത്രണ്ടിൽ നിന്നും ആറായി കുറയ്ക്കണമെന്ന ഒരു പ്രൊപ്പോസൽ വിദ്യാഭ്യാസ ഡയറക്ടറിൽ നിന്ന് സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പരിശോധിച്ചുവരുന്നു.

(സി) സ്കൂൾ ഗോയിംഗ് വിഭാഗത്തിൽ 56.18 ശതമാനവും പ്രൈവറ്റ് ഫുൾ കോഴ്സ് വിഭാഗത്തിൽ 49.54 ശതമാനവും ഗ്രൂപ്പുകംപാർട്ടുമെന്റ് വിഭാഗത്തിൽ 60.4 ശതമാനവും വിദ്യാർത്ഥികൾ വിജയിച്ചു.

(ഡി) കഴിഞ്ഞ വർഷങ്ങളിൽ അദ്ധ്യയന നിലവാരം വളരെ താഴ്ന്ന നിലയിലായിരുന്ന സ്കൂളുകളെ പ്രത്യേകമായി ശ്രദ്ധിക്കുകയും പഠന നിലവാരം മെച്ചപ്പെടുത്തുന്ന പരിപാടിയുടെ ഭാഗമായി 99-2000 വർഷത്തിൽ 1042 വിദ്യാലയങ്ങൾ വിദ്യാഭ്യാസ വകുപ്പു ദത്തെടുക്കുകയും നൂതനമായ പഠന ബോധന രീതികൾ ഏർപ്പെടുത്തുകയും ചെയ്തിരുന്നു. പരിഹാര ബോധനത്തിൽ പ്രത്യേകം ഊന്നൽ നൽകിക്കൊണ്ടുള്ള പഠന രീതിയാണ് സ്വീകരിച്ചിരുന്നത്. ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു പ്രാവർത്തികമാക്കുകയും സ്കൂൾ സമയത്തിനു മുമ്പും അതിനുശേഷവും അദ്ധ്യയനം നടത്തി വിദ്യാർത്ഥികളെ മുന്തിയ നിലവാരത്തിലെത്തിക്കുന്നതിന് അദ്ധ്യാപകരുടെ ഭാഗത്തു നിന്നും നിർലോഭമായ സഹകരണം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

(ഇ&എഫ്) വളരെ കുറച്ചു കുട്ടികൾ മാത്രം പങ്കെടുക്കുന്ന ഒരു സ്ഥിതി വിശേഷം ഉണ്ടായതിനാൽ 1999 മുതൽ എസ്.എസ്.എൽ.സി. സെപ്റ്റംബർ പരീക്ഷ നിർത്തലാക്കി. തോൽക്കുന്ന കുട്ടികൾക്ക് അടുത്ത മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതാവുന്നതാണ്.

(ജി) ഉത്തരക്കടലാസിന്റെ ഫോട്ടോകോപ്പി അപേക്ഷകർക്ക് തിരിച്ചു നൽകുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്.

പഞ്ചായത്ത് വാർഡ് വിഭജനം

19(*109) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly